31.08.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 15-12-06

# സ്മൃതിസ്വരൂപവും, അനുഭവി മൂർത്തിയായി സെക്കന്റിന്റെ തീവ്രവേഗതയിൽ പരിവർത്തനം ചെയ്ത് പാസ് വിത്ത് ഓണർ ആകൂ.

ഇന്ന് ബാപ്ദാദ നാനാഭാഗത്തെയും കുട്ടികളുടെ മസ്തകത്തിൽ മൂന്ന് വിശേഷ ഭാഗ്യത്തിന്റെ രേഖകൾ തിളങ്ങിക്കൊണ്ടിരിക്കുന്നത് കാണുകയാണ്. എല്ലാവരുടെയും മസ്തകം ഭാഗ്യത്തിന്റെ രേഖകൾ കൊണ്ട് തിളങ്ങുകയാണ്. ഒന്നാണ് പരമാത്മ പാലനയുടെ ഭാഗ്യത്തിന്റെ രേഖ. രണ്ടാമത്തേത് ശ്രേഷ്ഠ ശിക്ഷകനിലൂടെ ശിക്ഷണത്തിന്റെ ഭാഗ്യത്തിന്റെ രേഖ മൂന്നാമത്തേത് സത്ഗുരുവിലൂടെ ശ്രീമത്തിന്റെ ഭാഗ്യത്തിന്റെ രേഖ. നിങ്ങളുടെ ഭാഗ്യം അളവറ്റതാണ് എങ്കിലും ഇന്ന് വിശേഷമായി ഈ മൂന്ന് ഭാഗ്യത്തിന്റെ രേഖകളാണ് കാണുന്നത്. നിങ്ങളും തന്റെ മസ്തകത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന രേഖകളുടെ അനുഭവം ചെയ്യുന്നില്ലേ! ഏറ്റവും ശ്രേഷ്ഠമായതാണ് പരമാത്മ സ്നേഹത്തിന്റെ പാലനയുടെ രേഖ.ഏതുപോലെ ബാബ ഉയർന്നതിലും ഉയർന്നതാണോ പരമാത്മ പാലനയും ഏറ്റവും ഉയർന്നതാണ്.ഈ പാലന എത്ര കുറച്ച് പേർക്കാണ് പ്രാപ്തമാകുന്നത്. ഇപ്പോൾ ഇല്ലെങ്കിൽ ഒരിക്കലും പ്രാപ്തമാകുകയില്ല. ഈ പരമാത്മ പാലന, പരമാത്മ സ്നേഹം, പരമാത്മ പ്രാപ്തികൾ എല്ലാം കോടിയിൽ കുറച്ച് ആത്മാക്കൾക്കാണ് അനുഭവമാകുന്നത്.താങ്കൾ എല്ലാവരും അനുഭവികൾ അല്ലേ! അനുഭവം ഉണ്ടോ? പാലനയുടെ അനുഭവം ഉണ്ടോ, പഠനത്തിന്റെയും ശ്രീമത്തിന്റെയും അനുഭവം ഉണ്ടോ? അനുഭവി മൂർത്തി ആയോ?സദാ തന്റെ മസ്തകത്തിൽ ഈ ഭാഗ്യത്തിന്റെ നക്ഷത്രം തിളങ്ങിക്കൊണ്ടിരിക്കുന്നത് കാണപ്പെടുന്നുണ്ടോ, സദാ? അതോ ഇടയ്ക്കിടയ്ക്ക് തിളങ്ങിക്കൊണ്ടരിക്കുന്ന നക്ഷത്രം മങ്ങി പോകുന്നുണ്ടോ? മങ്ങരുത്. തിളങ്ങുന്ന നക്ഷത്രം മങ്ങുന്നുണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്?അറിയാമോ?

ബാപ്ദാദ കണ്ടു, സ്മൃതി സ്വരൂപമാകാത്തത് കാരണമാണ്.ഞാൻ ആത്മാവാണെന്നു ചിന്തിക്കാറുണ്ട്,ചിന്തിക്കുന്ന സ്വരൂപമാകുന്നുണ്ട്, സ്മൃതി സ്വരൂപമാകുന്നത് കുറയുന്നു. സദാ സ്മൃതി സ്വരൂപമാകാത്തിടത്തോളം ശക്തി ഉണ്ടാകുകയില്ല. സ്മൃതിയാണ് ശക്തി കൊണ്ട് വരുന്നത്. സ്മൃതി സ്വരൂപമാണ് സമർത്ഥ സ്വരൂപമാകുന്നത്.അതുകൊണ്ടാണ് ഭാഗ്യത്തിന്റെ നക്ഷത്രത്തിന് തിളക്കം കുറയുന്നത്. സ്വയം തന്നോട് ചോദിക്കണം കൂടുതൽ സമയം ചിന്തയുടെ സ്വരൂപമാണോ ആകുന്നത് അതോ സ്മൃതി സ്വരൂപമാണോ? ചിന്തയുടെ സ്വരൂപമാകുമ്പോൾ വളരെ നല്ലതാണ് ചിന്തിക്കുന്നത്, ഞാൻ ഇതാണ്, ഞാൻ ഇതാണ്, ഞാൻ ഇതാണ്.... സ്മൃതി സ്വരൂപമാകാത്തത് കാരണം നല്ലതായി ചിന്തിച്ചിട്ടും വ്യർത്ഥ സങ്കലപ്പവും സാധാരണ സങ്കല്പവും കൂടിക്കലരുന്നു. വാസ്തവത്തിൽ നോക്കിയാൽ നിങ്ങളുടെ അനാദിയായ സ്വരൂപമാണ് സ്മൃതി സൊ സമർത്ഥ സ്വരൂപം. ചിന്തിക്കുന്ന സ്വരൂപമല്ല. ആദിയിലും ഈ സമയത്തെ സ്മൃതി സ്വരൂപത്തിന്റെ ഫലമാണ് പ്രാപ്തമാകുന്നത്.അതിനാൽ അനാദിയും ആദിയും സ്മൃതി സ്വരൂപമാണ്, ഈ സമയം അന്തിമത്തിലെ സംഗമ സമയത്തും സ്മൃതി സ്വരൂപമാണ് ആകുന്നത്. ആദി അനാദി അന്ത്യം മൂന്നു കാലങ്ങളിലും സ്മൃതി സ്വരൂപമാണ്. ചിന്തിക്കുന്ന സ്വരൂപമല്ല, ബാപ്ദാദ അതിനാൽ മുൻപും പറഞ്ഞതാണ് **ഈ സമയത്ത് അനുഭവി മൂർത്തിയാകുന്നതാണ് ശ്രേഷ്ഠ സ്ഥിതി** ഞാൻ ആത്മാവാണ്, പരമാത്മ പ്രാപ്തിയാണുള്ളത് എന്ന് ചിന്തിക്കുന്നതും, മനസ്സിലാക്കി അനുഭവം ചെയ്യുന്നതും തമ്മിൽ വളരെ വ്യത്യാസം ഉണ്ട്. അനുഭവി മൂർത്തി ഒരിക്കലും മായയിലൂടെ ചതിക്കപ്പെടില്ല, ദുഃഖത്തിന്റെ അനുഭവം ചെയ്യുകയില്ല. ഈ ഇടയ്ക്കിടയ്ക്ക് കാണുന്ന മായയുടെ കളികൾ, കളിക്കുന്ന കളികൾ അതിന്റെ കാരണം അനുഭവി മൂർത്തിയാകുന്നതിന്റെ കുറവാണ്. അനുഭവത്തിന്റെ അധികാരം ഏറ്റവും ശ്രേഷ്ഠമായതാണ്. ബാപ്ദാദയും കണ്ടതാണ് പലകുട്ടികളും ചിന്തിക്കുന്നുണ്ട് എന്നാൽ സ്വരുപത്തിന്റെ അനുഭവം കുറവാണ്.

ഇന്നത്തെ ലോകത്തിൽ കൂടുതൽ ആത്മാക്കളും കാണുകയും കേൾക്കുകയും ചെയ്ത് ക്ഷീണിച്ചു പകരം അനുഭവത്തിൽ കൂടി പ്രാപ്തി നേടാനാണ് ആഗ്രഹിക്കുന്നത്. അനുഭവം ചെയ്യിപ്പിക്കാൻ സാധിക്കുന്നത് അനുഭവികൾക്കാണ്. അനുഭവി ആത്മാക്കൾ സദാ മുന്നോട്ട് പോയ്കൊണ്ടിരിക്കും. അനുഭവിയായ ആത്മാവിൽ സദാ ഉന്മേഷവും ഉത്സാഹവും ഇമെർജ്ജ് രൂപത്തിൽ ഉള്ളത് കാരണം പറന്നുകൊണ്ടിരിക്കും . ഓരോ പോയിന്റിന്റെയും അനുഭവി മൂർത്തി ആയോ എന്ന് പരിശോധിക്കൂ? താങ്കളുടെ ഓരോ കർമ്മത്തിലും അനുഭവത്തിന്റെ അതോറിറ്റി കാണപ്പെടുന്നുണ്ടോ? ഓരോ വാക്കും,ഓരോ സങ്കല്പവും അനുഭവത്തിന്റെ അതോറിറ്റി ആയുള്ളതാണോ അതോ മനസിലാക്കിയതിന്റെ മാത്രം ആധാരത്തിലേതാണോ? ഒന്നാണ് മനസിലാക്കുക, രണ്ടാമത്തേതാണ് അനുഭവം ചെയ്യുക. ഓരോ വിഷയത്തിലും ജ്ഞാനത്തിന്റെ പോയിന്റുകൾ വർണ്ണിക്കുക,അവരാകട്ടെ സ്പീക്കറിലൂടെ ബാഹ്യമായി ധാരാളം പ്രസംഗിക്കാറുണ്ട്. ഓരോ പോയിന്റിന്റെയും അനുഭവി സ്വരൂപമാകുന്നവർ ആണ് ജ്ഞാനസ്വരൂപ ആത്മാക്കൾ. യോഗം വയ്ക്കുന്നവർ ധാരാളം ഉണ്ട്, യോഗത്തിലിരിക്കുന്നവരും കൂടുതലാണ്, യോഗത്തിന്റെ അനുഭവം അതായത് ശക്തി സ്വരൂപം ആകണം, ശക്തി സ്വരൂപത്തിന്റെ ലക്ഷണമാണ് ഏത് സമയത്ത് ഏത് ശക്തിയാണോ വേണ്ടത്

ആ സമയത്ത് ആ ശക്തിയുടെ ആഹ്വാനം ചെയ്ത് നിർവിഘ്ന സ്വരൂപമായി മാറും. ഏതെങ്കിലും ശക്തിയുടെ കുറവ് ഉണ്ട്, വർണ്ണിക്കുന്നുണ്ട് സ്വരൂപത്തിൽ ഇല്ല,എങ്കിൽ സമയമാകുമ്പോൾ ചതിക്കപ്പെടും. സഹനശക്തിയാണ് വേണ്ടത്, നിങ്ങൾ നേരിടാനുള്ള ശക്തിയാണ് ഉപയോഗിച്ചത്, എങ്കിൽ യോഗയുക്ത അനുഭവി സ്വരൂപം എന്ന് വിളിക്കില്ല. നാല് വിഷയങ്ങളിലും സ്മൃതി സ്വരൂപവും അനുഭവി സ്വരൂപവും ആയവരുടെ അടയാളം എന്തായിരിക്കും?സ്ഥിതിയിൽ നിമിത്തഭാവം, വൃത്തിയിൽ സദാ ശുഭ ഭാവം ആത്മീയ ഭാവം, നിസ്വാർത്ഥ ഭാവം. വായുമണ്ഡലത്തിലും സംബന്ധ സമ്പർക്കത്തിലും സദാ നിർമ്മാന ഭാവവും, വക്കിൽ സദാ നിർമല വാണി. ഈ വിശേഷതകൾ ഓരോ സമയവും അനുഭവി മൂർത്തിയുടെ സ്വാഭാവിക സ്വഭാവം ആയിരിക്കും. സ്വാഭാവികമായ സ്വഭാവം. പല കുട്ടികളും ഇടയ്ക്കൊക്കെ പറയും ഇങ്ങനെ ചെയ്യണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, പക്ഷെ എന്റെ പഴയ സ്വഭാവമാണ്. സ്വഭാവം സ്വാഭാവികമായി വരുമ്പോൾ ചിന്തിക്കേണ്ടതായി വരുന്നില്ല, സ്വഭാവം സ്വാഭാവികമായി തന്നെ വരുന്നതാണ്. സ്വയം പരിശോധിച്ചു നോക്കൂ എന്റെ സ്വാഭാവികമായ സ്വഭാവം ഏതാണ്? ഏതെങ്കിലും പഴയ സ്വഭാവത്തിന്റെ അംശം എങ്കിലും ഉണ്ടെങ്കിൽ ഓരോ സമയത്തും അത് പ്രവൃത്തിയിൽ വന്ന് വന്ന് ദൃഢമായ സംസ്ക്കാരമാകും. ആ പഴയ സ്വഭാവവും,പഴയ സംസ്ക്കാരവും സമാപ്തമാക്കാൻ ആഗ്രഹിക്കുകയാണ് എന്നാൽ സാധിക്കുന്നില്ല, അതിന്റെ കാരണം എന്താണ്? എല്ലാത്തിലും നോളഡ്ജ് ഫുൾ ആയിമാറി, പക്ഷേ എന്താണോ പാടില്ല എന്നാഗ്രഹിക്കുന്നത് അത് നടക്കുന്നു, അതിന്റെ കാരണം എന്താണ്? പരിവർത്തനം ചെയ്യുന്നതിന്റെ ശക്തി കുറവാണ്. കൂടുതൽ പേരിലും കാണുന്നത് പരിവർത്തനം ചെയ്യാനുള്ള ശക്തിയെ മനസിലാക്കുകയും വർണ്ണിക്കുകയും ചെയ്യുന്നുണ്ട്, എല്ലാവരോടും പരിവർത്തനം ചെയ്യുന്നതിന്റെ ശക്തി യുടെ ടോപിക്കിൽ എഴുതാനോ പ്രസംഗിക്കാനോ പറഞ്ഞാൽ ബാപ്ദാദയ്ക്കറിയാം എല്ലാവരും വളരെ സമർത്ഥരാണ്, വളരെ നല്ലതായി പ്രഭാഷണങ്ങൾ ചെയ്യാനറിയാം, എഴുതാനും അറിയാം, മറ്റാരെങ്കിലും വന്നാൽ അവർക്ക് വളരെ നല്ലതായി മനസിലാക്കി കൊടുക്കും സാരമില്ല,പരിവർത്തനം ചെയ്യൂ. സ്വയത്തിൽ എത്രമാത്രം പരിവർത്തനം ചെയ്യാനുള്ള ശക്തി ഉണ്ട്. വർത്തമാന സമയത്തിന്റെ മഹത്വത്തെ മനസിലാക്കി പരിവർത്തനം ചെയ്യുന്നതിൽ സമയമെടുക്കരുത്. സെക്കന്റിൽ പരിവർത്തനത്തിന്റെ ശക്തി കാര്യത്തിൽ വരണം,ഉണ്ടാകാൻ പാടില്ല, എന്ന് മനസ്സിലാക്കിയിട്ടും, പരിവർത്തനം ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണമെന്ത്? ചിന്തിക്കുന്നു, സ്വരൂപമാകുന്നില്ല. മുഴുവൻ ദിവസം കൂടുതലും ചിന്തിക്കുന്ന സ്വരൂപമാണ് ആകുന്നത്, കൂടുതൽ പേരും സ്മൃതിയിലൂടെ സമർത്ഥ സ്വരൂപമാകുന്നത് കുറയുന്നു.

ഇപ്പോൾ തീവ്രഗതിയുടെ സമയമാണ് തീവ്ര പുരുഷാർത്ഥത്തിന്റെ സമയമാണ്, സാധാരണ പുരുഷാർത്ഥത്തിനുള്ള സമയം അല്ല, സെക്കന്റിൽ പരിവർത്തനത്തിന്റെ അർത്ഥമാണ് സ്മൃതി സ്വരൂപത്തിലൂടെ ഒരു സെക്കന്റിൽ നിർവികല്പവും, വ്യർത്ഥ സങ്കൽപ്പങ്ങൾ ഇല്ലാത്തവരും ആകണം,എന്തുകൊണ്ട്? സമയത്തിന്റെ സമാപ്തി സമീപത്തു കൊണ്ട് വരുന്നതിനു നിമിത്തമായവർ ആണ്. ഇപ്പോൾ സമയത്തിന്റെ മഹത്വം അനുസരിച്ചു എല്ലാവർക്കും അറിയാം ഓരോ ചുവടിലും കോടിമടങ്ങാണ് അടങ്ങിയിരിക്കുന്നത്, വർധിപ്പിക്കാനുള്ളത് ബുദ്ധിയിൽ വയ്ക്കും,നഷ്ടമാക്കുന്നതും ബുദ്ധിയിൽ വയ്ക്കണം. ഓരോ ചുവടിലും കോടി മടങ്ങു കിട്ടുമെങ്കിൽ, ഓരോ ചുവടിലും കോടി മടങ്ങു നഷ്ടമാകുകയുംചെയ്യും,ഇല്ലേ? ഇപ്പോൾ മിനിറ്റിന്റെ കാര്യം കഴിഞ്ഞു, മറ്റുള്ളവരോട് പറയാറുണ്ട് ഒരു നിമിഷം നിശബ്ദ്ദമായി ഇരിക്കൂ, നിങ്ങൾക്കത് സെക്കന്റിന്റെ കാര്യമാകണം. ഇതുപ്പോലെ വേണമോ വേണ്ടയോ എന്ന് ചിന്തിക്കാൻ എത്ര സമയം വേണം? സെക്കന്റ്. പരിവർത്തന ശക്തി അത്രയും വേഗത്തിൽ വേണം. ശരിയാണോ തെറ്റാണോ എന്ന് മനസിലാക്കി കഴിഞ്ഞു, തെറ്റിന് ബിന്ദു ഇടുക, ശരിയായത് പ്രയോഗികമാക്കണം. ഇപ്പോൾ ബിന്ദുവിന്റെ മഹത്വത്തെ കാര്യത്തിൽ കൊണ്ട് വരൂ. മൂന്നു ബിന്ദു അറിയാമല്ലോ! ബിന്ദു സമയത്ത് കാര്യത്തിൽ കൊണ്ട് വരൂ. സയസുകാർ എല്ലാ കാര്യവും തീവ്രഗതിയിലായാണ് ചെയ്യുന്നത്, പരിവർത്തനത്തിന്റെ ശക്തി കൂടുതലായി കാര്യത്തിൽ ഉപയോഗിക്കുന്നു.സൈലെൻസിന്റെ ശക്തിയുള്ളവർ ഇപ്പോൾ ലക്ഷ്യം വയ്ക്കൂ പരിവർത്തനമാണ് ചെയ്യുന്നതെങ്കിൽ സെക്കന്റിന്റെ വേഗതയിൽ ചെയ്യൂ, നോളഡ്ജ് ഫുൾ ആണ്,ഇപ്പോൾ ശക്തിശാലി ആകൂ. ചെയ്തുകൊണ്ടിരിക്കുകയാണ്,ആയിക്കൊള്ളും... ചെയ്യാം.., എന്നല്ല. സാധിക്കുമോ അതോ ബുദ്ധിമുട്ടാണോ? അന്തിമ സമയത്ത് സെക്കന്റിന്റെ പേപ്പർ ആണ് വരുന്നത്, മിനിറ്റിന്റെത് അല്ല, സെക്കന്റിന്റെ അഭ്യാസം വളരെ കാലത്തേത് ഉണ്ടെങ്കിൽ സെക്കന്റിൽ പാസ് വിത്ത് ഓണർ ആകും! പരമാത്മാവിന്റെ വിദ്യാർത്ഥികളാണ്,പരമാത്മാവിന്റെ പഠിപ്പാണ് പഠിക്കുന്നത്, അപ്പോൾ പാസ് വിത്ത് ഓണർ ആകുക തന്നെ വേണം. പാസ് മാർക്ക് നേടിയിട്ട് എന്താകാൻ! പാസ് വിത്ത് ഓണർ. എന്ത് ലക്ഷ്യമാണ് വച്ചത്? ആരാണോ പാസ് വിത്ത് ഓണർ ആകണമെന്ന് മനസിലാക്കുന്നവർ കൈ ഉയർത്തൂ, പാസ് വിത്ത് ഓണർ? ഓണർ എന്ന വാക്കിന് അടിവരയിടണം. ശരി. ഇപ്പോൾ എന്ത് ചെയ്യണം? മിനിറ്റ് മോട്ടോർ സാധാരണമാണ്, ഇപ്പോൾ സെക്കന്റിന്റെ കാര്യങ്ങളാണ്.

ശരി പഞ്ചാബിൽ നിന്നുള്ളവർ, ഇപ്പോൾ സെക്കന്റിന്റെ കാര്യങ്ങളാണ്. ഇതിൽ ആരാണ് ഒന്നാമത് എത്തുന്നത്? പഞ്ചാബ്. എന്താ വലിയ കാര്യമാണോ? എത്ര ഉത്സാഹത്തോടെ പറയുന്നുവോ, വളരെ നല്ലത് പ

റയുമ്പോൾ, ഉത്സാഹത്തോടെ പറയുമ്പോൾ, ബാപ്ദാദ കേൾക്കുമ്പോൾ വളരെ സന്തോഷിക്കുന്നു,പറയുന്നു **എത്ര വലിയ കാര്യമായാലും, ബാപ്ദാദ കൂടെ ഉണ്ട്**.കൂടെ അധികാരിയാണ് ഉള്ളത്, ഇപ്പോൾ എന്ത് ചെയ്യണം? ഇപ്പോൾ തീവ്രമാകണം. സേവനം ചെയ്യുന്നുണ്ട്, സേവനമല്ലാതെ എന്താണ് ചെയ്യുക? വെറുതെ ഇരിക്കുമോ? സേവനം ബ്രാഹ്മണ ആത്മാക്കളുടെ ധർമ്മമാണ്,കർമ്മമാണ്. ഇപ്പോൾ സേവനത്തിനോടൊപ്പം സമർത്ഥ സ്വരൂപമാകണം, സേവനത്തിൽ എത്രമാത്രം ഉന്മേഷവും ഉത്സാഹവും കാണിച്ചു,ബാപ്ദാദയ്ക്ക് സന്തോഷമാണ്, ആശംസകൾ നൽകുന്നു. സേവനത്തിന്റെ കിരീടം കിട്ടിയില്ലേ! (യുവ പദയാത്രക്കാർ കിരീടം വച്ച് ഇരിക്കുന്നുണ്ട്) കിരീടം ധരിച്ചിട്ടുണ്ട്. നോക്കൂ എത്ര നന്നായിരിക്കുന്നുണ്ട്.ഇപ്പോൾ സ്മൃതി സ്വരൂപമാകുന്നതിന്റെ കിരീടം വച്ച് കാണിക്കണം. യുവാക്കളുടെ ഗ്രൂപ്പ് അല്ലെ! എന്ത് അതിശയം ചെയ്യും?സേവനത്തിലും നമ്പർ വൺ, സമർത്ഥ സ്വരൂപത്തിലും നമ്പർ വൺ. സന്ദേശം കൊടുക്കുന്നത് ബ്രാഹ്മണ ജീവിതത്തിന്റെ ധർമ്മവും കർമ്മവുമാണ്.ഇപ്പോൾ ബാപ്ദാദ സൂചന തരുന്നു പരിവർത്തനത്തിന്റെ മിഷിനറി തീവ്രമാക്കൂ. അല്ലെങ്കിൽ പാസ് വിത്ത് ഓണർ ആകുന്നത് ബുദ്ധിമുട്ടാകും. വളരെ കാലത്തിന്റെ അഭ്യാസം വേണം. ചിന്തിച്ച ഉടനെ ചെയ്തു. ചിന്തിക്കുന്ന മാത്രം സ്വരൂപമാകാതെ സ്മൃതിയിലൂടെ സമർത്ഥി സ്വരൂപമാകൂ. തീവ്രഗതിയിലൂടെ വ്യർത്ഥത്തെ സമാപ്തമാക്കൂ. എങ്കിൽ ആത്മാക്കളുടെ ആശിർവ്വാദവും, തന്റെ പുണ്യത്തിന്റെ സമ്പാദ്യം തീവ്രഗതിയിൽ ശേഖരണമാകും.

ബാപ്ദാദ മുൻപും കേൾപ്പിച്ചതാണ് ബാപ്ദാദ മൂന്നു സമ്പാദ്യങ്ങളാണ് പരിശോധിക്കുന്നത്. പുരുഷാർത്ഥത്തിന്റെ ഗതിയുടെ സമ്പാദ്യം, ആശീർവ്വാദങ്ങളുടെ സമ്പാദ്യം, പുണ്യത്തിന്റെ സമ്പാദ്യം കൂടുതൽ സമ്പാദ്യവും ഇപ്പോഴും കുറവാണ് അതിനാൽ ബാപ് ദാദ ഇന്ന് സ്ലോഗൻ ഓർമ്മിപ്പിക്കുകയാണ് ഇപ്പോൾ തീവ്രമാകൂ,തീവ്ര പുരുഷാർത്ഥിയാകൂ,തീവ്രഗതിയിലൂടെ സമാപ്തി ചെയ്യുന്നവർ ആകൂ. തീവ്രഗതിയിലൂടെ മനസ്സിലൂടെ വായുമണ്ഡലം പരിവർത്തനം ചെയ്യുന്നവർ ആകൂ.ഒരു കാര്യത്തിൽ ബാപ്ദാദ എല്ലാ കുട്ടികളിലും സന്തോഷവാനാണ്. ഏത് കാര്യത്തിൽ? എല്ലാവർക്കും ബാബയോട് ആത്മാർത്ഥമായ സ്നേഹം ഉണ്ട്, ഇതിനുള്ള ആശംസകൾ. എന്നാൽ എന്ത് ചെയ്യണമെന്ന് പറയട്ടെ! ഈ സീസണിന്റെ സമാപ്തിയ്ക്കുള്ളിൽ ഏതെങ്കിലും തീവ്രഗതിയുടെ അത്ഭുതം കാണിക്കൂ.ഇഷ്ടമായോ? ഇഷ്ടമായോ? ആരാണോ ലക്ഷ്യവും ലക്ഷണവും രണ്ടും സ്മൃതിയിൽ വയ്ക്കുന്നത്, അവർ കൈ ഉയർത്തൂ. ഡബിൾ വിദേശികളും വയ്ക്കും, ടീച്ചേർസ് വയ്ക്കും യുവാക്കളുടെ ഗ്രൂപ്പും വയ്ക്കും, മുൻ വരിയിൽ ഇരിക്കുന്നവരും വയ്ക്കും! അതിനു കോടി കോടി കോടി മടങ്ങു മുൻകൂർ ആശംസകൾ.ശരി.

ഇപ്പോൾ അഭ്യാസം ചെയ്യൂ ഒരു സെക്കന്റിൽ നിർവികല്പവും നിസ്വാർത്ഥ സങ്കല്പവും ആയി ഏകാഗ്രമാകൂ, ഒരു ബാബ അല്ലാതെ രണ്ടാമതാരും ഇല്ല, ഈ ഒരു സങ്കല്പത്തിൽ ആണ് ഏകാഗ്രമായിരിക്കാൻ കഴിയുമോ! മറ്റ് സങ്കൽപ്പങ്ങൾ വരരുത്. ഒരു സങ്കല്പത്തിന്റെ ഏകാഗ്രതയുടെ ശക്തിയിൽ ഇരിക്കൂ. സമയം എടുക്കരുത്, ഒരു സെക്കന്റിൽ. ശരി.

നാനാഭാഗത്തെയും കുട്ടികൾ ആരെല്ലാമാണോ വിശേഷമായി സ്നേഹസ്മരണകൾ അയച്ചത്, ആ ഓരോ കുട്ടിയും തന്റെ പേരിനൊപ്പം സ്നേഹ സ്മരണകളും ഹൃദയത്തിൽ നിന്നുള്ള ആശീർവ്വാദവും സ്വീകരിക്കണം. ബാപ്ദാദ കാണുന്നുണ്ട് എല്ലാവരുടെയും മനസ്സിൽ ഉണ്ട് ഞങ്ങളുടെ ഓർമ്മ, ഞങ്ങളുടെ ഓർമ്മ , നിങ്ങൾ സങ്കല്പിക്കുമ്പോൾ ആ സമയത്ത് തന്നെ ബാപ്ദാദയുടെ അടുത്ത് എത്തിചേരുന്നതാണ്,അതിനാൽ സർവ്വ കുട്ടികൾക്കും ഓരോരുത്തരുടെയും പേരും വിശേഷതയും ചേർത്ത് സ്നേഹ സ്മരണകൾ നൽകുന്നു.

എല്ലാ സദാ സ്മൃതി സ്വരൂപവും, സമർത്ഥ സ്വരൂപവും, അനുഭവ സ്വരൂപവുമായ ശ്രേഷ്ഠ കുട്ടികൾക്ക്, സദാ ശുഭമായി ചിന്തിച്ചത് ഉടനെ ചെയ്യുന്നത് ആരാണോ, ഏതുപോലെ പെട്ടെന്നുള്ള ദാനത്തിനാണ് മഹത്വം ഉള്ളത്, അതുപോലെ പെട്ടെന്നുള്ള പരിവർത്തനത്തിനാണ് മഹത്വമുള്ളത്. പെട്ടെന്ന് പരിവർത്തനം ചെയ്യുന്ന വിശ്വ പരിവർത്തകരായ കുട്ടികൾക്ക്, സദാ പരമാത്മ പാലനയും, പരമാത്മ സ്നേഹവും,പരമാത്മ പഠനവും,പരമാത്മ ശ്രീമത്തും ഓരോ കർമ്മത്തിലും കൊണ്ട് വരുന്ന മഹാവീരന്മായ കുട്ടികൾക്ക് സദാ ധൈര്യവും ഏകാഗ്രതയും ഏകതയിലും കൂടി നമ്പർ വൺ തീവ്ര പുരുഷാർത്ഥം ചെയ്യുന്ന കുട്ടികൾക്ക് ബാപ്ദാദയുടെ ഹൃദയത്തിലെ സ്നേഹ സ്മരണകളും, ഹൃദയത്തിലെ ആശീർവ്വാദങ്ങളും നമസ്തേയും.

ദാദിമാരോട് എല്ലാവരും നന്നായി പാർട്ട് അഭിനയിക്കുന്നുണ്ട്. ബാപ്ദാദ ഓരോരുത്തരുടെയും പാർട്ട് കണ്ടു സന്തോഷിക്കുകയാണ്. ചെറിയവരും വളരെ നന്നായി പാർട്ട് അഭിനയിക്കുന്നുണ്ട്. ഞങ്ങൾ ചെറിയവർ ആണെന്ന് കരുതണ്ട. ചെറിയ കുട്ടികൾ ഈശ്വരനോളം മഹിമ ഉള്ളവരാണ്. ശക്തികളുടെ പാർട്ട് വേറെയാണ്,പാണ്ഡവരുടെ പാർട്ട് വേറെയാണ്. പാണ്ഡവർ ഇല്ലെങ്കിൽ കാര്യം നടക്കില്ല, ശക്തികൾ ഇല്ലെങ്കിലും കാര്യം നടക്കില്ല, അതിനാലാണ് ഭാരതത്തിൽ ചതുർഭുജത്തിന്റെ ഓർമ്മചിഹ്നം ഉള്ളത്. രണ്ടു കൂട്ടരും നന്നായി പാർട്ട് അഭിനയിക്കുന്നുണ്ട് ഇപ്പോൾ വേഗത കൂട്ടണം. ഇടയ്ക്കിടയ്ക്ക് കുറച്ച് പതുക്കെ ആകുന്നുണ്ട്.ഇപ്പോൾ പതുക്കെ പോകാൻ സമയം ഇല്ല.വ്യത്യസ്ത കാര്യങ്ങൾ നടന്നുകൊണ്ടിരിക്കും,ന

മ്മൾ കാര്യങ്ങളുടെ രഹസ്യം മനസിലാക്കി, രഹസ്യ യുക്തരും, യോഗയുക്തരും, സ്നേഹ യുക്തരും ,സഹയോഗയുക്തരുമായി നടക്കണം.നല്ലതല്ലേ. (ദാദിജിയോട് ) വളരെ നല്ലതായിരിക്കുന്നില്ലേ? നോക്കൂ എത്രപേരാണ് വന്നിട്ടുള്ളത്?എല്ലാവരും എന്തിനാണ് വന്നത്! താങ്കളെ കാണാൻ വന്നതാണ്. ബാപ്ദാദയെ കാണാൻ വന്നതാണ്, ഒപ്പം ദാദിമാർ ഇല്ലെങ്കിൽ രസമില്ല എന്ന പറയും. നിങ്ങൾ എല്ലാവരും ഇല്ലെങ്കിൽ രസകരമല്ല.

## വരദാനം:– സ്മൃതിയുടെ സ്വിച്ചിൽ കൂടി സ്വ മംഗളവും സർവ്വരുടെ മംഗളവും ചെയ്യുന്ന സിദ്ധി സ്വരൂപരായി ഭവിക്കട്ടെ.

സ്ഥിതിയുടെ ആധാരം സ്മൃതി ആണ്. ഈ ശക്തിശാലിയായ സ്മൃതി ഉണ്ടാകണം ഞാൻ ബാബയുടേതാണ് " ബാബ എന്റേതാണ്." ഈ സ്മൃതിയിലൂടെ സ്വയം ശക്തിശാലിയായിരിക്കും മറ്റുള്ളവരെയും ശക്തിശാലി ആക്കും. സ്വിച്ച് ഓൺ ആക്കുമ്പോൾ പ്രകാശം പറക്കുന്നത് പോലെ ഈ സ്മൃതിയും ഒരു സ്വിച്ച് ആണ്. സദാ സ്മൃതിയാകുന്ന സ്വിച്ചിൽ ശ്രദ്ധ ഉണ്ടെങ്കിൽ സ്വയത്തിന്റെയും സർവ്വരുടേയും മംഗളം ചെയ്തുകൊണ്ടിരിക്കും. പുതിയ ജന്മത്തിൽ പുതിയ സ്മൃതികൾ ഉണ്ടാകും. പഴയ സ്മൃതികൾ എല്ലാം സമാപ്തമാകും ഈ വിധിയിലൂടെ സിദ്ധി സ്വരൂപത്തിന്റെ വരദാനം പ്രാപ്തമാകും.

## സ്ലോഗൻ: – അതീന്ദ്രിയ സുഖത്തിന്റെ അനുഭൂതി ചെയ്യുന്നതിനായി തന്റെ ശാന്ത സ്വരൂപ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ.

**അവ്യക്ത സൂചന– സഹജ യോഗി ആകണമെങ്കിൽ പരമാത്മ സ്നേഹത്തിന്റെ അനുഭവി ആകൂ.**
ബാപ്ദാദ പ്രേമത്തിന്റെ ബന്ധത്തിൽ ബന്ധിതനാണ്. മോചിതനാകാൻ ആഗ്രഹിച്ചാലും ആകാൻ കഴിയില്ല , അതിനാലാണ് ഭക്തിയിലും ബന്ധനത്തിന്റെ ചിത്രം കാണിക്കുന്നത്. യഥാർത്ഥത്തിൽ അവ്യക്തമായിരുന്നിട്ടും സ്നേഹത്തിന്റെ ബന്ധനത്തിൽ ബന്ധിതനാകേണ്ടി വരുന്നു. വ്യക്തത്തിൽ നിന്ന് മോചിപ്പിച്ചിട്ടും മോചിതനാകാൻ കഴിയില്ല. ഈ പ്രേമത്തിന്റെ ചരട് വളരെ ദൃഢമാണ്. അതുപോലെ പ്രേമ സ്വരൂപരായി പരസ്പരം പ്രേമത്തിന്റെ ചരടിൽ ബന്ധിക്കപ്പെട്ട് സമീപ സംബന്ധവും സ്വന്തമാണെന്നുമുള്ള അനുഭൂതി ചെയ്യിപ്പിക്കൂ.